പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 06.02.2020-ൽ മറുപടിക്ക്

ചോദ്യം നം. 1432

**ബോട്ട് പുറംകടലിൽ കപ്പലിടിച്ച് തകർന്ന സംഭവം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി<br>,, പി.കെ.അബ്ദു റബ്ബ്<br>,, കെ.എൻ.എ ഖാദർ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | പൂന്തുറയിൽ നിന്നും മത്സ്യ ബന്ധനത്തിനു പോയവരുടെ ബോട്ട് പുറംകടലിൽ കപ്പലിടിച്ച് തകർന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ബോട്ടിൽ ഇടിച്ച കപ്പൽ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഇല്ല. കപ്പൽ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ കോസ്റ്റൽ പോലീസ്, ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവർ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കേരള തീരത്ത് 12 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനം നടത്തുന്നതിനാണ് സംസ്ഥാന മത്സ്യബന്ധന വകുപ്പ് ലൈസൻസ് നൽകുന്നത്. എന്നാൽ ടി പരിധിയും കഴിഞ്ഞ് മത്സ്യബന്ധനം നടത്താൻ ശ്രമിക്കുന്നതാണ് അപകടമുണ്ടാകാൻ കാരണം. കപ്പൽ ചാലിൽ മത്സ്യബന്ധനം ഒഴിവാക്കണമെന്ന് നിരന്തരമായ ബോധവൽക്കരണ ക്യാമ്പയിൻ മത്സ്യത്തൊഴിലാളിക ൾക്കിടയിൽ നടത്തി വരുന്നു. ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിനായി യാനങ്ങളിൽ നാവിഗേഷൻ ഉപകരണങ്ങൾ നിർബന്ധമാക്കുകയും സർട്ടിഫൈഡ് സ്രാങ്ക്/ എഞ്ചിൻ ഡ്രൈവർ മാത്രമേ മത്സ്യബന്ധന യാനങ്ങൾ പ്രവർത്തിപ്പിക്കാവൂ എന്നീ നിബന്ധനകൾ കെ.എം.എഫ്.ആർ 2018 ചട്ടങ്ങളിലൂടെ ഉത്തരവാകുകയും നടപ്പിലാക്കി വരികയുമാണ്. യന്ത്രവൽകൃത ബോട്ടുകളിൽ വെസ്സൽ ട്രാക്കിംഗ് ഡിവൈസ് അല്ലെങ്കിൽ ആട്ടോമാറ്റിക് ഐഡന്റിഫിക്കേ ഷൻ സിസ്റ്റം (AIS) നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ